പിടിച്ചുപറിക്കേസിൽ യുവാവ് അറസ്റ്റിലായി; മനംനൊന്തു ഭാര്യ ജീവനൊടുക്കി

ഉപ്പുതറ/പൊൻകുന്നം: പിടിച്ചുപറിക്കേസിൽ ഭർത്താവിനെ പോലീസ് അറസ്റ്റ് ചെയ്തതിൽ മനംനൊന്തു യുവതി ആത്മഹത്യ ചെയ്തു. തിരുവനന്തപുരം പാറശാല മുരിയങ്കര ഭാഗത്തു കുവരക്കുവിള വീട്ടിൽ സാജുവിന്റെ ഭാര്യ ബിന്ദു(40) വിനെയാണ് അയ്യപ്പൻകോവിൽ പഞ്ചായത്തിൽപ്പെട്ട ആലടിയിലെ വാടക വീടിനുള്ളിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്.

പിടിച്ചുപറിക്കേസിൽ സാജുവിനെ പൊൻകുന്നം പോലീസ് കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്തിരുന്നു. വിവരശേഖരണത്തിനായി പോലീസ് ഇന്നലെ ആലടിയിലെത്തിയപ്പോഴാണ് ഭർത്താവ് പിടിയിലായ വിവരം ബിന്ദു അറിഞ്ഞത്. പോലീസ് പോയശേഷം 12 വയസുള്ള മകനെ അടുത്ത വീട്ടിൽ കൊണ്ടുചെന്നാക്കി. വൈകിട്ട് ആറായിട്ടും മകനെ തിരക്കിവരാത്തതിനെത്തുടർന്ന് അയൽക്കാർ അന്വേഷിച്ചെത്തിയപ്പോൾ വീടു പൂട്ടിയ നിലയിലായിരുന്നു. ജനൽപ്പാളി തുറന്നുനോക്കിയപ്പോഴാണു തൂങ്ങി മരിച്ചനിലയിൽ കണ്ടത്. ഉപ്പുതറ പോലീസ് കേസെടുത്തു. ഏതാനും വർഷമായി ഇവർ ഏലപ്പാറയിൽ വാടകയ്ക്കു താമസിക്കുകയായിരുന്നു. മൂന്നു മാസം മുമ്പാണ് ആലടിയിലേക്കു താമസം മാറിയത്. കാഞ്ഞിരപ്പള്ളി കുന്നുംഭാഗത്തു വഴിയാത്രികരുടെ മാലപൊട്ടിച്ചെടുത്ത കേസിലാണു സാജു(37) വിനെ ഏലപ്പാറയിൽനിന്നു പോലീസ് പിടികൂടിയത്.

● സാജു

കഴിഞ്ഞ വ്യാഴാഴ്ച കുന്നുംഭാഗത്തു റോഡിലൂടെ നടന്നുപോയ ഒരു സ്ത്രീയുടെ കഴുത്തിൽനിന്നു മാല പൊട്ടിച്ചെടുക്കാൻ ശ്രമിച്ച പ്രതി പിറ്റേന്നു രാവിലെ അതേ സ്ഥലത്തുവച്ച് വഴിയാത്രക്കാരിയായ, ഇളങ്ങുളം ക്ഷേത്ര ജങ്ഷനു സമീപം താമസിക്കുന്ന വീട്ടമ്മയുടെ കഴുത്തിൽനിന്നു മൂന്നര പവനോളമുള്ള രണ്ടു സ്വർണമാലകൾ പൊട്ടിച്ചെടുക്കുകയും ദേഹോപദ്രവം ഏൽപ്പിച്ചു സ്കൂട്ടറിൽ രക്ഷപ്പെടുകയും ചെയ്തു. ജാക്കറ്റ് ധരിച്ചാണ് മോഷ്ടാവ് എത്തിയതെന്ന മൊഴിയുടെ അടിസ്ഥാനത്തിൽ നിരവധി സി.സി.ടിവി ദൃശ്യങ്ങൾ പോലീസ് പരിശോധിച്ചു. സംഭവസ്ഥലത്തുനിന്ന് ഒരു ഓട്ടോറിക്ഷ ഡ്രൈവർക്കു ലഭിച്ച മൊബൈൽ ഫോൺ കേന്ദ്രീകരിച്ചു നടത്തിയ അന്വേഷണമാണ് പ്രതിയെ കുടുക്കിയത്. ഇയാൾ തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിലായി നിരവധി മോഷണക്കേസുകളിൽ ജയിൽ ശിക്ഷ അനുഭവിച്ചിട്ടുള്ള ആളാണെന്നു പോലീസ് പറഞ്ഞു. മേസ്തിരിയായും പെയിന്റിങ് പണിക്കാരനായും വണ്ടിക്കച്ചവടക്കാരനായും മറ്റും ജോലിചെയ്യുന്നുവെന്നാണ് അയൽവാസികളോടു സാജു പറഞ്ഞിരുന്നത്. സ്കൂട്ടറിൽ കറങ്ങിനടക്കുകയും ഒറ്റയ്ക്കു നടന്നുവരുന്ന സ്ത്രീകളുടെ മാല പൊട്ടിച്ചെടുത്തു രക്ഷപ്പെടുകയും ചെയ്യുന്നതായിരുന്നു ഇയാളുടെ രീതി. മോഷ്ടിച്ച സ്വർണം സ്വകാര്യ ധനകാര്യസ്ഥാപനങ്ങളിൽ പണയംവച്ചു ലഭിക്കുന്ന പണം ആർഭാടജീവിതം നയിക്കാനാണ് ഉപയോഗിച്ചിരുന്നതെന്നും പോലീസ് പറഞ്ഞു. കാഞ്ഞിരപ്പള്ളി ഡിവൈ.എസ്.പി: ജെ. സന്തോഷ് കുമാറിന്റെ നേതൃത്വത്തിലായിരുന്നു അന്വേഷണം.

പൊൻകുന്നം സി.ഐ: എം.എസ്. രാജീവ്, പൊൻകുന്നം പ്രിൻസിപ്പൽ എസ്.ഐ: ടി.ഡി. മനോജ്കുമാർ, എസ്.ഐ. മാരായ ബിജി ജോർജ്, റെജിലാൽ, ജഗദീഷ്, എ.എസ്.ഐമാരായ ബിനുകുമാർ, നാസർ എസ്.സി.പി.ഒ: ഷൈമ ബീഗം, സി.പി.ഒമാരായ ബി.അഭിലാഷ്, എൻ.വി. അനിൽകുമാർ, പി.എം. രവീന്ദ്രൻ, പ്രതാപചന്ദ്രൻ, റോബിൻ തോമസ്, എം.എ. നിസാം എന്നിവർ സംഘത്തിലുണ്ടായിരുന്നു. ഇടുക്കി ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥരായ ജോഷി, മഹേഷ് എന്നിവരുടെ സഹായത്തോടെയാണ് പ്രതിയെ പിടികൂടിയത്.

കെ.എം. ഷാജിയെ ഇ.ഡി. ചോദ്യംചെയ്തു

● സ്വത്തുവിവരവും വിദേശയാത്രകളും അന്വേഷണത്തിൽ

കോഴിക്കോട്: പ്ലസ്ടു കോഴ്സ് അനുവദിക്കുന്നതിനു കോഴ വാങ്ങിയെന്ന പരാതിയിൽ മുസ്ലിം ലീഗ് ലീഗ് സംസ്ഥാന സെക്രട്ടറിയും എം.എൽ.എയുമായ കെ.എം. ഷാജിയെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി) മണിക്കൂറുകളോളം ചോദ്യംചെയ്തു. കല്ലായി ഇ.ഡി. ഓഫീസിൽ രാവിലെ പത്തിനാണു ചോദ്യംചെയ്യൽ തുടങ്ങിയത്.

ഷാജിയുടെ സ്വത്തുവിവരമാണു പ്രധാനമായും ചോദിച്ചറിഞ്ഞത്. വിദേശയാത്രകളെക്കുറിച്ചും ചോദ്യമുണ്ടായി. സ്വത്തുക്കളുടെയും വിദേശയാത്രകളുടെയും രേഖകൾ ഹാജരാക്കാൻ നേരത്തേ നിർദേശം നൽകിയിരുന്നു. ഭാര്യ ആശയെ കഴിഞ്ഞ ദിവസം ചോദ്യംചെയ്തിരുന്നു. കോഴ വാങ്ങിയ പണം ഉപയോഗിച്ച് ഷാജി സ്വത്തുക്കൾ വാങ്ങിക്കൂട്ടിയതായി സംശയമുണ്ട്. കോഴിക്കോട് മാലൂർ കുന്നിൽ 1.62 കോടിയുടെയും കണ്ണൂരിൽ 27 ലക്ഷത്തിന്റെയും വീടുകൾ ഷാജിക്കുണ്ട്. കേരളത്തിനു പുറത്ത് സ്വത്തുണ്ടോയെന്ന് അന്വേഷിക്കുന്നു. ഷാജിക്കെതിരേ അന്വേഷണം നടത്താനുള്ള വിജിലൻസ് കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വിജിലൻസും പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്.

● ചോദ്യംചെയ്യലിനായി കോഴിക്കോട് ഇ.ഡി. ഓഫീസിൽ ഹാജരാകാനെത്തിയ കെ.എം. ഷാജി എം.എൽ.എ. - മംഗളം

● ഷാജിക്കെതിരേ എം.വി. ജയരാജൻ

വരുമാനസ്രോതസ് ഭാര്യയ്ക്കുപോലും അറിയില്ല; സ്വത്ത് 200 മടങ്ങ് കൂടി

കണ്ണൂർ: മുസ്ലിം ലീഗ് എം.എൽ.എ: കെ.എം. ഷാജിക്കെതിരേ സി.പി.എം. കണ്ണൂർ ജില്ലാ സെക്രട്ടറി എം.വി. ജയരാജൻ. എട്ടു വർഷം കൊണ്ട് ഷാജിയുടെ സ്വത്ത് 200 മടങ്ങ് കൂടിയെന്നു ജയരാജൻ ആരോപിച്ചു.

വരുമാനസ്രോതസിനെപ്പറ്റി ഷാജിയുടെ ഭാര്യയ്ക്കു പോലും അറിയില്ല. അത് ഇ.ഡിയോടു തുറന്നു സമ്മതിച്ചിരിക്കുകയാണെന്നും ജയരാജൻ പറഞ്ഞു. അഴിമതിക്കേസിൽ പ്രതിയായ അഴീക്കോട് എം.എൽ.എ. മറ്റൊരു കേസിൽ പ്രതിസ്ഥാനത്തുമാണ്.

ഒമ്പതര വർഷത്തിനിടെ ഷാജിക്കു കിട്ടിയ അലവൻസും ശമ്പളവും ഉൾപ്പെടെ കണക്കുകൂട്ടിയാൽ നാലേമുക്കാൽ ലക്ഷം രൂപയാണ് അദ്ദേഹത്തിന്റെ കൈയിലെത്തിയിട്ടുണ്ടാകുക. പ്ലസ്ടു കോഴയായി 25 ലക്ഷം കിട്ടിയെന്നാണു കേസ്. അതുകൊണ്ട് അഞ്ചുകോടിയുടെ മണിമാളിക നിർമിക്കാനാകില്ല. അതിനു വേറേ സ്രോതസിൽനിന്ന് ഷാജിക്കു പണം ലഭിച്ചിരിക്കണം. അതറിയാൻ നാട്ടുകാർക്ക് അവകാശമുണ്ടെന്നും ജയരാജൻ പറഞ്ഞു.

വർഗീയകക്ഷികളുമായുള്ള യു.ഡി.എഫിന്റെ അവസരവാദ കൂട്ടുകെട്ടിനെതിരേ തെരഞ്ഞെടുപ്പിൽ ജനം മറുപടി നൽകുമെന്നും അദ്ദേഹം പറഞ്ഞു.

പുറത്തുവരുന്നത് അർധസത്യങ്ങൾ: ബിലീവേഴ്സ് ചർച്ച്

തിരുവല്ല: ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ചിന്റെ സ്ഥാപനങ്ങളിൽ നടന്ന ആദായ നികുതി വകുപ്പിന്റെ പരിശോധനയുമായി ബന്ധപ്പെട്ടു പ്രചരിക്കുന്നതിൽ പലതും അർധസത്യങ്ങളാണെന്നു സഭാ വക്താവ് ഫാ. സിജോ പന്തപ്പള്ളിൽ അറിയിച്ചു. ഇതു സംബന്ധിച്ച് മാധ്യമങ്ങളിൽ വ്യാജ പ്രചാരണങ്ങളും നടക്കുന്നുണ്ട്. ഓഡിറ്റിന് സമാനമായ പരിശോധനയാണ് ആദായ നികുതി വകുപ്പ് നടത്തിയത്. പരിശോധനയോടു സഭ പൂർണമായും സഹകരിച്ചു. തുടരന്വേഷണത്തിനു വരുന്ന ഏജൻസികളുമായും സഹകരിക്കും. പാകപ്പിഴകൾ ചൂണ്ടിക്കാണിക്കുന്ന പക്ഷം അതു പരിഹരിച്ചു മുന്നോട്ടുപോകും. ആദായ നികുതി വകുപ്പിന്റെ പരിശോധന അടുത്ത രണ്ടു മാസം നീണ്ടുനിൽക്കുമെന്നാണ് കിട്ടിയ വിവരം.

വളരെ വിപുലമായ പദ്ധതികളാണ് സഭയുടെ നേതൃത്വത്തിൽ നടക്കുന്നത്. ആ പദ്ധതികളുടെയെല്ലാം ഓഡിറ്റ് ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ് ചെയ്യുന്നുണ്ട്. അന്തിമ റിപ്പോർട്ടിൽ ഏതെങ്കിലും തരത്തിലുള്ള പാകപ്പിഴകൾ ചൂണ്ടിക്കാണിച്ചാൽ സഭാ നേതൃത്വവും എപ്പിസ്കോപ്പൽ കൗൺസിലും ചർച്ച ചെയ്ത് അതു പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചു മുന്നോട്ടുപോകും. സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾ രാജ്യമെമ്പാടും നടക്കുന്നുണ്ട്. അതിനുള്ള സഹായവും പ്രാർഥനയും പ്രതീക്ഷിക്കുന്നു. വ്യാജപ്രചാരണങ്ങളിൽനിന്ന് ഒഴിഞ്ഞുനിൽക്കണമെന്നും ഫാ. സിജോ അഭ്യർഥിച്ചു.

ബിലീവേഴ്സ് ചർച്ചിൽനിന്ന് പണം കണ്ടെടുത്ത സംഭവം: അന്വേഷണത്തിന് ഇ.ഡി.

തിരുവല്ല: ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ചിന്റെ സ്ഥാപനങ്ങളിൽ ആദായ നികുതി വകുപ്പ് നടത്തിയ പരിശോധനയിൽ കണക്കിൽപ്പെടാത്ത പണം കണ്ടെത്തിയ സംഭവം എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും (ഇ.ഡി) അന്വേഷിക്കുന്നു.

സഭയുടെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നവരെ കേന്ദ്രീകരിച്ചാകും അന്വേഷണം. ആദായനികുതി വകുപ്പിന്റെ അന്വേഷണം തുടരുകയും ചെയ്യും. അഞ്ചു ദിവസമായി സഭാ ആസ്ഥാനത്തും രാജ്യമെമ്പാടുമുള്ള സഭയുടെ സ്ഥാപനങ്ങളിലും നടത്തിയ പരിശോധനയിൽ കണക്കിൽപ്പെടാത്ത 15 കോടിയോളം രൂപ കണ്ടെടുത്തതായി ആദായ നികുതി വകുപ്പ് അറിയിച്ചിരുന്നു. ഉറവിടമില്ലാത്ത പണമായതിനാൽ ഇതു പിടിച്ചെടുത്തു. കള്ളപ്പണം വെളുപ്പിക്കൽ നടന്നെന്ന സംശയത്തിലാണ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് എത്തുന്നത്. കേരളത്തിനു പുറമേ തമിഴ്നാട്, പശ്ചിമ ബംഗാൾ, കർണാടക, പഞ്ചാബ്, തെലങ്കാന, ചണ്ഡീഗഡ്, ഡൽഹി തുടങ്ങി 66 സ്ഥലങ്ങളിലാണ് ആദായ നികുതി വകുപ്പ് ഒരേ സമയം പരിശോധന നടത്തിയത്.

റെയ്ഡിൽ നിരവധി രേഖകളും സഭയിലെ പ്രധാനികളുടെ മൊബൈൽ ഫോണുകളും പിടിച്ചെടുത്തിരുന്നു. വിദേശഫണ്ട് സ്വീകരിക്കുന്നതിനുള്ള ലൈസൻസ് 2016 മുതൽ കേന്ദ്രസർക്കാർ ബിലീവേഴ്സ് ചർച്ചിനു പുതുക്കി നൽകിയിരുന്നില്ല. 350 കോടി രൂപയുടെ ക്രമവിരുദ്ധ ഇടപാടുകൾ നടന്നെന്നാണ് ആദായ നികുതി വകുപ്പിന്റെ പ്രാഥമിക നിഗമനം. പിടിച്ചെടുത്ത രേഖകൾകൂടി പരിശോധിച്ചാകും തുടർ നടപടികൾ.

സഞ്ചിത്തട്ടിപ്പ് സപ്ലൈകോ വിജിലൻസ് അന്വേഷിക്കും

● സംസ്ഥാന വിജിലൻസിനു കൈമാറുമെന്നു സൂചന

● ജി. അരുൺ
തിരുവനന്തപുരം

'**മം**ഗളം' പുറത്തുകൊണ്ടുവന്ന കോടികളുടെ സപ്ലൈകോ തുണിസഞ്ചി തട്ടിപ്പിനെക്കുറിച്ചു വകുപ്പുതല വിജിലൻസ് അന്വേഷണമാരംഭിച്ചു. നിലവിൽ സപ്ലൈകോ വിജിലൻസ് എസ്.പിയുടെ നേതൃത്വത്തിലുള്ള അന്വേഷണം, തട്ടിപ്പിന്റെ വ്യാപ്തി വലുതായതിനാൽ സംസ്ഥാന വിജിലൻസിനു കൈമാറുമെന്നു സൂചന.

കോവിഡ് പശ്ചാത്തലത്തിൽ റേഷൻ കടകൾ മുഖേന സർക്കാർ നാലുമാസത്തേക്കു പ്രഖ്യാപിച്ച കിറ്റിന്റെ മറവിൽ പ്രതിമാസം എട്ടുകോടി രൂപയുടെ തട്ടിപ്പാണു നടക്കുന്നതെന്നാരോപിച്ച് മുഖ്യമന്ത്രി പിണറായി വിജയനു മുന്നിൽ പരാതിയെത്തിയിരുന്നു. തട്ടിപ്പിന്റെ സൂത്രധാരനായ സപ്ലൈകോ ഉന്നതോദ്യോഗസ്ഥനെതിരെയും അന്വേഷണമുണ്ടാകും. ഒരുമാസത്തേക്ക് ഒരു കോടിയോളം സഞ്ചി വാങ്ങുമ്പോൾ ഒന്നരരൂപ വീതമായിരുന്നു ഇയാൾക്കു കമ്മീഷൻ. കരാറുകാരാകട്ടെ സഞ്ചിയൊന്നിന് 6.5 രൂപയാണു വെട്ടിക്കുന്നത്. പൊതുവിപണിയിൽ അഞ്ചുരൂപപോലും വിലയില്ലാത്ത തുണിസഞ്ചിയാണ് 13.50 രൂപയ്ക്കു സപ്ലൈകോ വാങ്ങുന്നത്. സപ്ലൈകോ സി.എം.ഡി. അലി അസ്കർ പാഷയെ ജനറൽ മാനേജരാക്കി തരംതാഴ്ത്തിയ സർക്കാർ ഇതിനിടെ ഡോ.ബി. അശോകിനെ സി.എം.ഡിയായി നിയമിച്ചിരുന്നു. സൗജന്യകിറ്റിന്റെ മറവിൽ നടക്കുന്ന വെട്ടിപ്പിനെക്കുറിച്ച് സൂചന ലഭിച്ചതിനേത്തുടർന്നായിരുന്നു ഇത്. സി.എം.ഡിയായി ചുമതലയേറ്റ അശോക് തട്ടിപ്പ് തടയാൻ ശ്രമിച്ചെങ്കിലും നടന്നില്ല. ഇതോടെ അദ്ദേഹം അവധിയിൽ പ്രവേശിച്ചു. അലി അസ്കർ പാഷ വീണ്ടും സി.എം.ഡിയായി. തെരഞ്ഞെടുപ്പുജോലിക്കായി മറ്റൊരു സംസ്ഥാനത്തേക്കു പോയ അദ്ദേഹം 13-നേ തിരിച്ചെത്തൂ.

കേന്ദ്ര ഏജൻസികളുടെ ദുരുപയോഗം: 16ന് ഇടതുമുന്നണിയുടെ ജനകീയപ്രതിരോധം

തിരുവനന്തപുരം: അന്വേഷണ ഏജൻസികളെ കേന്ദ്രസർക്കാർ രാഷ്ട്രീയലക്ഷ്യത്തിനുപയോഗിക്കുന്നുവെന്ന ആരോപണവുമായി ഇടതുമുന്നണി പ്രക്ഷോഭത്തിലേക്ക്. ഈ മാസം 16ന് മന്ത്രിമാരും ജനപ്രതിനിധികളുമുൾപ്പെടെ പങ്കെടുക്കുന്ന ജനകീയപ്രതിരോധം തീർക്കാൻ ഇടതുമുന്നണിയോഗം തീരുമാനിച്ചു. സംസ്ഥാനത്താകെ 25,000 കേന്ദ്രങ്ങളിലായാണ് പ്രതിരോധസമരം നടത്തുക. ഓരോ കേന്ദ്രത്തിലും നൂറ് ഇടതുമുന്നണി പ്രവർത്തകരെങ്കിലും പങ്കെടുപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി പിണറായി വിജയനാണ് മുന്നണി യോഗത്തിൽ കേന്ദ്ര ഏജൻസികളുടെ ഇടപെടലിനെക്കുറിച്ച് വിശദീകരിച്ചത്. സർക്കാരിനെതിരേ ഒന്നും പറയാനില്ലാതെ വന്നതോടെ പ്രതിപക്ഷം ഓരോ വികസനപദ്ധതിയിലും അഴിമതിയാരോപിക്കുകയാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭെല്ലിന് കിഫ്ബി നേരിട്ട് പണം നൽകി നടപ്പാക്കുന്ന കെ-ഫോൺ പദ്ധതിയിൽ പോലും ആരോപണമുന്നയിക്കുന്നത് രാഷ്ട്രീയലക്ഷ്യം മുൻനിർത്തിയാണ്. പ്രതിപക്ഷനേതാവ് ചൊവ്വാഴ്ച ഉന്നയിച്ച ഹൈടെക് സ്കൂൾ ക്ലാസ് നിർമ്മാണത്തിനെതിരായ ആരോപണവും സമാനമാണ്. കേന്ദ്ര ഏജൻസികളുടെ അന്വേഷണത്തെ സർക്കാർ തടസപ്പെടുത്തുന്നില്ല.

● ഇടതുമുന്നണി യോഗം

ഇടതു പ്രചാരണത്തിന് സാമൂഹിക മാധ്യമങ്ങൾ

● സ്വന്തം ലേഖകൻ
തിരുവനന്തപുരം

തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ സാമൂഹിക മാധ്യമങ്ങളിലൂടെയുള്ള പ്രചാരണം ശക്തമാക്കുന്നതിനായി എ. വിജയരാഘവന്റെ നേതൃത്വത്തിൽ പ്രത്യേക ഉപസമിതിയെ ചുമതലപ്പെടുത്താൻ ഇടതുമുന്നണി യോഗം തീരുമാനിച്ചു. പൊതുപ്രകടന പത്രിക പുറത്തിറക്കുന്നതിനായുള്ള ഉപസമിതിയുടെ യോഗം 17ന് ചേർന്ന് അന്തിമരൂപം നൽകും. പ്രാദേശികതലത്തിൽ പ്രത്യേകം പ്രകടനപത്രികകളുമുണ്ടാകും. മുന്നണിയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന സീറ്റ് തർക്കങ്ങൾ ജില്ലാതലത്തിൽ പരിഹരിക്കാൻ നിർദ്ദേശം നൽകി. അതിനുശേഷം ഇടതുമുന്നണി കൺവീനറുമായി ചർച്ച ചെയ്യണം. എറണാകുളത്തും പാലക്കാടും തീർത്തും തഴഞ്ഞതായി എൽ.ജെ.ഡിക്കു പരാതിയുണ്ട്. ആലപ്പുഴ, വയനാട് അടക്കമുള്ള ജില്ലകളിൽ സി.പി.ഐയുടെ കടുംപിടിത്തത്തെക്കുറിച്ച് യോഗശേഷം അവർ കാനത്തോടും പരാതി പറഞ്ഞു. ജെ.ഡി.എസും പരാതിയുന്നയിച്ചു. തെരഞ്ഞെടുപ്പ് പ്രചരണത്തിനായുള്ള വാർഡ് തലം വരെയുള്ള സമിതികൾ 21നകം രൂപീകരിക്കും.

നന്ദി പറഞ്ഞ് ജോസ് കെ. മാണിയുടെ ആദ്യ എൽ.ഡി.എഫ്. യോഗം

തിരുവനന്തപുരം: ഇടതുമുന്നണി യോഗത്തിലെ ജോസ് കെ. മാണിയുടെ കന്നിപ്രസംഗം നന്ദിരേഖപ്പെടുത്തലായിരുന്നു. കേരള കോൺഗ്രസ് (എം) ഇടതുമുന്നണിയുടെ ഭാഗമായശേഷം നടന്ന ആദ്യയോഗമായിരുന്നു ഇന്നലത്തെത്. ജോസ് കെ. മാണിയും സ്റ്റീഫൻ ജോർജുമായിരുന്നു യോഗത്തിൽ പാർട്ടിയെ പ്രതിനിധീകരിച്ച് പങ്കെടുത്തത്. തങ്ങളെ മുന്നണിയിൽ ഉൾപ്പെടുത്തിയതിൽ നന്ദി രേഖപ്പെടുത്തികൊണ്ടുള്ള പ്രസംഗമായിരുന്നു ജോസ് കെ. മാണിയുടേത്.

യുട്യൂബറെ ആക്രമിച്ച കേസിൽ ഭാഗ്യലക്ഷ്മിക്കു മുൻകൂർജാമ്യം

കൊച്ചി: വിവാദ യുട്യൂബർ വിജയ് പി. നായരെ വീട്ടിൽ കയറി ആക്രമിച്ച കേസിൽ ഭാഗ്യലക്ഷ്മിക്കും സുഹൃത്തുക്കൾക്കും ഹൈക്കോടതി മുൻകൂർ ജാമ്യം അനുവദിച്ചു.

ഭാഗ്യലക്ഷ്മിക്കു പുറമേ ദിയ സന, ശ്രീലക്ഷ്മി അറയ്ക്കൽ എന്നിവർക്കാണു നിബന്ധനകൾക്കു വിധേയമായി കോടതി മുൻകൂർജാമ്യം അനുവദിച്ചത്. ഇവർക്കെതിരേ ജാമ്യമില്ലാ വകുപ്പ്പ്രകാരമാണു കേസ് രജിസ്റ്റർ ചെയ്തിരുന്നത്. ഹർജിക്കാരെ അന്വേഷണസംഘം അറസ്റ്റ് ചെയ്താൽ 50,000 രൂപയ്ക്കു തുല്യമായ രണ്ടു പേരുടെ ബോണ്ടിൽ ജാമ്യത്തിൽ വിട്ടയയ്ക്കണം. അന്വേഷണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന സമയത്തു ഹാജരാകണം, തെളിവു നശിപ്പിക്കാനോ സാക്ഷികളെ സ്വാധീനിക്കാനോ ശ്രമിക്കരുത്, സമാനസ്വഭാവത്തിലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടരുത് എന്നീ വ്യവസ്ഥകളോടെയാണു ജാമ്യം അനുവദിച്ചത്. ഏതെങ്കിലും ജാമ്യവ്യവസ്ഥകൾ ലംഘിച്ചാൽ വിചാരണക്കോടതിക്കു ജാമ്യം റദ്ദാക്കാമെന്നും ഉത്തരവിൽ പറയുന്നു.

ഓഫീസ്കിറ്റ് എച്ച്ആർ സ്റ്റാർട്ടപ്പിന് ഒരുമില്യൺ ഡോളർ സഹായം

കൊച്ചി: സംസ്ഥാനത്തു നിന്നുള്ള ഓഫീസ്കിറ്റ് എച്ച്ആർ എന്ന ഐടി സ്റ്റാർട്ടപ്പിന് അമേരിക്കയിൽ നിന്ന് 1 മില്യൺ ഡോളർ സാമ്പത്തിക സഹായം ലഭിച്ചു.

കേരള സ്റ്റാർട്ടപ്പ് മിഷന്റെ നിക്ഷേപ സഹായ പരിപാടിയായ ഇൻവസ്റ്റർ കഫെ വഴിയാണ് സഹായം.

അമേരിക്കയിലെ കാലിഫോർണിയ ആസ്ഥാനമായുള്ള എക്സ്പെർട്ട് ഡോജോ വെഞ്ചർ ഫണ്ടിൽ നിന്നാണ് ഓഫീസ്കിറ്റിന് സീഡിംഗ് സഹായം ലഭിച്ചത്. മനുഷ്യവിഭവ ശേഷി കൈകാര്യം ചെയ്യുന്നതിനുള്ള സോഫ്റ്റ് വെയർ സേവനങ്ങൾ പ്രദാനം ചെയ്യുന്ന കമ്പനിയാണിത്. ഹാരിസ് പിടി, മുഹമ്മദ് ഫൈസാൻ ലങ്ക എന്നിവർ ചേർന്ന് 2016 ലാണ് ഓഫീസ്കിറ്റിന് രൂപം നൽകിയത്.

ഇടതുമുന്നണി നേട്ടമുണ്ടാക്കും: വിജയരാഘവൻ

തിരുവനന്തപുരം: തദ്ദേശ തെരഞ്ഞെടുപ്പിൽ ഇടതുമുന്നണി നല്ല മുന്നേറ്റമുണ്ടാക്കുമെന്ന് കൺവീനർ എ. വിജയരാഘവൻ. കേരള കോൺഗ്രസ്(എം) ജോസ് കെ.മാണി വിഭാഗം മുന്നണി വിട്ടതോടെ യു.ഡി.എഫ്. ദുർബലമായി. അതു മറികടക്കാൻ രാഷ്ട്രീയ മാന്യത വിട്ടുള്ള സഖ്യങ്ങളാണ് യു.ഡി.എ ഫുണ്ടാക്കുന്നത്.

ജമാ-അത്തെ ഇസ്ലാമിയുമായി സഖ്യമുണ്ടാക്കുന്നത് അതുകൊണ്ടാണ്. ബി.ജെ.പിയുമായി ഒന്നിച്ച് ഇടതുമുന്നണിക്കെതിരായ മഹാസഖ്യമായാണ് യു.ഡി.എഫിന്റെ പ്രവർത്തനം.

അഴിമതിയും തട്ടിപ്പും നടത്തിയ എം.സി. കമറുദ്ദീൻ എം.എൽ.എ പോലീസ് കസ്റ്റഡിയിലാണ്.

മറ്റൊരു എം.എൽ.എ വിജിലൻസ് അന്വേഷണത്തിന് നടുവിലാണ് വിജയരാഘവൻ പറഞ്ഞു.

Aster
We'll Treat You Well
Aster DM Healthcare Limited
CIN : L85110KL2008PLC021703
രജിസ്ട്രേഡ് ഓഫീസ്: IX/475L, ആസ്റ്റർ മെഡ്സിറ്റി, കുട്ടിസാഹിബ് റോഡ്, കോതാട് ബ്രിഡ്ജിന് സമീപം, സൗത്ത് ചിറ്റൂർ പി.ഒ., ചേരാനല്ലൂർ, കൊച്ചി, കേരള 682027, ഇന്ത്യ. T: 0484 6699228 E: investors@asterdmhealthcare.com W: www.asterdmhealthcare.com

2020 സെപ്റ്റംബർ 30ന് അവസാനിച്ച പാദവർഷത്തിന്റെയും അർദ്ധവർഷത്തിന്റെയും ഓഡിറ്റ് ചെയ്യപ്പെടാത്ത സാമ്പത്തിക ഫലങ്ങളുടെ പ്രസ്താവന

(തുക കോടി ഇന്ത്യൻ രൂപയിൽ, പ്രതി ഓഹരി ഡാറ്റ ഒഴികെ)

ഇനങ്ങൾ	ഏകീകരിച്ചത്						വേർതിരിച്ചത്					
	പാദവർഷാന്ത്യത്തിൽ			അർദ്ധവർഷാന്ത്യത്തിൽ		വർഷാന്ത്യത്തിൽ	പാദവർഷാന്ത്യത്തിൽ			അർദ്ധവർഷാന്ത്യത്തിൽ		വർഷാന്ത്യത്തിൽ
	30 സെപ്റ്റംബർ 2020	30 ജൂൺ 2020	30 സെപ്റ്റംബർ 2019	30 സെപ്റ്റംബർ 2020	30 സെപ്റ്റംബർ 2019	31 മാർച്ച് 2020	30 സെപ്റ്റംബർ 2020	30 ജൂൺ 2020	30 സെപ്റ്റംബർ 2019	30 സെപ്റ്റംബർ 2020	30 സെപ്റ്റംബർ 2019	31 മാർച്ച് 2020
	ഓഡിറ്റ് ചെയ്യാത്തത്	ഓഡിറ്റ് ചെയ്യാത്തത്	ഓഡിറ്റ് ചെയ്യാത്തത്	ഓഡിറ്റ് ചെയ്യാത്തത്	ഓഡിറ്റ് ചെയ്യാത്തത്	ഓഡിറ്റ് ചെയ്തത്	ഓഡിറ്റ് ചെയ്യാത്തത്	ഓഡിറ്റ് ചെയ്യാത്തത്	ഓഡിറ്റ് ചെയ്യാത്തത്	ഓഡിറ്റ് ചെയ്യാത്തത്	ഓഡിറ്റ് ചെയ്യാത്തത്	ഓഡിറ്റ് ചെയ്തത്
ആകെ വരുമാനം	2,275.65	1,767.15	2,091.01	4,042.80	4,122.85	8,776.37	170.23	135.40	202.54	305.63	373.72	874.93
നികുതിയൊഴികെയുള്ള അറ്റാദായം / (നഷ്ടം)	52.57	(84.72)	11.83	(32.15)	24.11	330.04	(19.51)	(27.51)	(4.34)	(47.02)	(21.20)	64.61
നികുതി കഴിഞ്ഞുള്ള അറ്റാദായം / (നഷ്ടം)	42.25	(88.59)	6.87	(46.34)	16.92	314.66	(19.50)	(27.52)	(4.34)	(47.02)	(21.20)	60.61
ആകെ മൊത്തവരുമാനം / (നഷ്ടം)	40.95	(76.79)	46.53	(35.84)	45.44	459.27	(19.47)	(27.55)	(4.32)	(47.02)	(21.14)	60.36
ഇക്വിറ്റി ഓഹരി മൂലധനം	499.52	499.52	505.23	499.52	505.23	499.52	499.52	499.52	505.23	499.52	505.23	499.52
ഇതര ഇക്വിറ്റി	-	-	-	-	-	2,772.62	-	-	-	-	-	2,431.08
പ്രതി ഓഹരി ആദായം (മുഖവില 10 രൂപ വീതം)	വർഷത്തേക്ക് അല്ലാത്തത്	വർഷത്തേക്ക് അല്ലാത്തത്	വർഷത്തേക്ക് അല്ലാത്തത്	വർഷത്തേക്ക് അല്ലാത്തത്	വർഷത്തേക്ക് അല്ലാത്തത്	വർഷത്തേക്ക്	വർഷത്തേക്ക് അല്ലാത്ത